**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5293** **15-03-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കെ.എസ്.വൈ യിൽ ഉൾപ്പെടുത്തിയാണ് പ്രധാനമായും നടപ്പാക്കുന്നത്. ഇതിനായി ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; | (ബി) | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന – പെർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) [PMKSY-PDMC(MI)] പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുകയുടെ 55% വരെ കർഷകർക്ക് സബ്സിഡി നൽകി ഡ്രിപ്പ് ഇറിഗേഷൻ രീതി വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് 55%, മറ്റ് കർഷകർക്ക് 45% എന്നിങ്ങനെയാണ് ആനുകൂല്യം നൽകുന്നത്. ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു ഗുണഭോക്താവിന് പരമാവധി 5 ഹെക്ടർ എന്ന പരിധിയിൽ ധനസഹായം പരിമിതപ്പെടുത്തിയിട്ടുണ്ട്.<br><br>PMKSY- PDMC (MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും, കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട രേഖകളും സമർപ്പിക്കേണ്ടതാണ്.<br><br>അപേക്ഷ സമർപ്പിച്ചതിനു ശേഷം PMKSY-PDMC(MI) പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൈക്രോ ഇറിഗേഷൻ ഡീലർമാരുടെ ലിസ്റ്റിൽ നിന്ന് താല്പര്യമുള്ള ഡീലറെ അപേക്ഷകന് തിരഞ്ഞെടുക്കാം. തിരഞ്ഞെടുക്കപ്പെടുന്ന ഡീലർ കർഷകന്റെ ഭൂമി സന്ദർശിച്ച്, അളവുകൾ എടുത്ത് |

| | | | |
|---|---|---|---|
| | | | മൈക്രോ ഇറിഗേഷൻ സംവിധാനത്തിന്റെ എൻജിനീയറിങ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിങ് കാര്യാലയത്തിൽ സമർപ്പിക്കുന്നു. ടി കാര്യാലയത്തിലെ എഞ്ചിനീയർ സ്ഥലം സന്ദർശിച്ച ശേഷം ഡിസൈൻ വിലയിരുത്തി അംഗീകാരം നൽകുന്നതോടെ ഡീലർക്കും കർഷകനും വർക്ക് പെർമിറ്റ് നൽകുന്നു. പ്രവൃത്തി പൂർത്തിയാക്കിയ ശേഷം കർഷകർ തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചതായി രേഖാമൂലം അറിയിക്കുമ്പോൾ, എഞ്ചിനീയർ സ്ഥല സന്ദർശനം നടത്തി, ബില്ലുകൾ പരിശോധിച്ച് മൂല്യനിർണയം നടത്തുന്നു. യഥാർത്ഥത്തിൽ ചെലവഴിച്ച തുക, മൂല്യനിർണയ തുക ഇവയിൽ ഏതാണോ കുറവ് ആയതിന്റെ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയ കർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ